# Mary Queen's High school

Kudianmala

Little Kites

# 9 digit



# ആശംസ

കുടിയാന്മലയുടെ വികസന ചരിത്രത്തിലെ ദീപ്തമായൊരേടാണ് മേരി ക്വീൻസ് ഹൈ സ്കൂൾ. ഈ സ്കൂളിന്റെ യശസ്സ് വാനോളം ഉയരുന്ന ശുഭ നിമിഷങ്ങളിൽ മികവുറ്റതും വ്യത്യസ്തങ്ങളുമായ പ്രവർത്തനങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് '9 digit' എന്ന ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുമ്പോൾ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും കുട്ടികൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.

സോഫിയ ജേക്കബ്

ഹെഡ് മിസ്ട്രസ്

# മുഖമൊഴി

അറിവിന്റെ വാതായനങ്ങൾക്ക്
അതിരുകളില്ലാതാവുന്നത്
സാങ്കേതിക വിദ്യയിലൂടെ
പുതിയ, ചെറിയ പട്ടങ്ങൾ
വാനിലേക്കുയരുമ്പോഴാണ്.......
മേരി ക്വീൻസിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
വരയും വർണ്ണവും ചാലിച്ച്,
അനുഭവമാക്കി മാറ്റിയ ഡിജിറ്റൽ ശിൽപ്പം

**9 digit**

# എഡിറ്റോറിയൽ ബോർഡ്

- ശ്രുതി എൻ.ബി
- അഡോണ സണ്ണി
- അനീറ്റ കെ. എസ്
- ജെസ്ന രാജൻ
- അഞ്ജന പി.എസ്
- ഏയ്ഞ്ചൽ ചാക്കോ
- ദേവിക എം. ബിജു
- മേഘ ബെന്നി
- ആൻജലോ ജേക്കബ്
- ജുവൽ ബൈജു
- ജിത്തു ടോം ജെയിംസ്
- അഭിനന്ദ് പി.വി
- സിദ്ധാർത്ഥ് വി.മനോജ്
- ജിയോഡോൺ ഷിബു

# താളുകളിലൂടെ...

താളുകളിലൂടെ......5
എന്റെ വിദ്യാലയം......6
കമ്പ്യൂട്ടർ തലമുറകളിലൂടെ......7
ഒന്നാം തലമുറ കമ്പ്യൂട്ടർ......7
രണ്ടാം തലമുറ കമ്പ്യൂട്ടറുകൾ......9
മൂന്നാം തലമുറ കമ്പ്യൂട്ടറുകൾ......10
നാലാം തലമുറ കമ്പ്യൂട്ടറുകൾ......11
അഞ്ചാം തലമുറ കമ്പ്യൂട്ടറുകൾ......12
മനുഷ്യനും ജീവിത മൂല്യങ്ങളും......14
At The End......18
പ്രതീക്ഷ......19
Write Up: Little Kites......21
കുടുംബം......24
വിസ്മരിക്കപ്പെടാത്ത ബാലത്വം......26
മനസിന്റെ, താക്കോലുകളായ് നവമാധ്യമങ്ങൾ......32
A Broken Heart......35
ഇരുളിൽ ഒരു തിരിനാളമായ്......38
God......41
അനുഭവക്കുറിപ്പ്......43

# എന്റെ വിദ്യാലയം



അമ്മതൻ കയ്യുംപിടിച്ചാ പടിവതിൽ വരെ
നൊമ്പരമായ് വിതുമ്പിയ ബാല്യമെങ്ങോ പോയ്
കണ്ണിമ ചിമ്മും ക്ഷണനേരം കൊണ്ട്
വളർന്നു ഞാനാ വിദ്യാക്ഷേത്രം പുല്കി
'ഗുരുത്വം' മൂന്നക്ഷരം ഗ്രഹിച്ചു ഞാനവിടെ
നൂറക്ഷരത്തേക്കാളും മഹത്വമതിനല്ലേ?
മഹത്വമില്ലവിടെ മതൃഭാഷയെക്കാളും
യതൊരുവിധ വൈദേശികഭാഷകൾക്കും
വേരിന് വെള്ളവും വളവും തരില്ല, പിന്നെ
കണ്ടെത്താൻ വരം നല്കുമാ വിദ്യാക്ഷേത്രം
ആഴത്തിൽ വേരുറച്ചൊര വൃക്ഷമൊരിക്കലും
തളരില്ല ഭീകരമാം മാരിക്കുമുന്നിലും
പണത്തിനും പലമതത്തിനും
വില കല്പിക്കില്ല, പിന്നെ
സ്നേഹ-സാഹോദര്യങ്ങൾ
കളിയാടുമെൻ വിദ്യാലയം!

**ആൻമരിയ ബിജു**


# കമ്പ്യൂട്ടർ തലമുറകളിലൂടെ...

അഡോണ സണ്ണി

ആധുനിക ലോകത്ത് മനുഷ്യന് ഒഴിവാക്കാനാവാത്ത അവശ്യ വസ്തുവായി മാറിയിരിക്കുകയാണ് കമ്പ്യൂട്ടർ.ഓരോ കമ്പ്യൂട്ടർ തലമുറയും സാങ്കേതിക പുരോഗതിയുടെ ഫലമായുണ്ടായതാണ്. ഇത് കമ്പ്യൂട്ടറിന്റെ ഉപയോഗത്തിൽ വളരെയധികം മാറ്റങ്ങൾ വരുത്തി. കമ്പ്യൂട്ടറുകളെ താഴെപ്പറയും വിധത്തിൽ അഞ്ച് തലമുറകളായി തരംതിരിക്കാം.

**ഒന്നാം തലമുറ(1940-1956)**
**രണ്ടാം തലമുറ (1956-1963)**
**മൂന്നാം തലമുറ(1964-1971)**
**നാലാം തലമുറ(1971-1980)**
**അഞ്ചാം തലമുറ(1980-ഇതുവരെ..)**

**ഒന്നാം തലമുറ കമ്പ്യൂട്ടർ**




ഈ തലമുറയിലെ കമ്പ്യൂട്ടറുകളിൽ പരിഭ്രമണത്തിനായി (Circuit) വാക്വം ട്യൂബുകളാണ് (Vacuum Tubes) ഉപയോഗിച്ചിരുന്നത്. മെമ്മറിക്കായി മാഗ്നറ്റിക് ഡ്രമ്മുകളും (Magnetic Drums) ഉപയെഗിച്ചിരുന്നു. വാക്വം ട്യൂബ് എന്നാൽ ചില്ല് കൊണ്ടുണ്ടാക്കിയ ഒരു ഉപകരണമാണ്. ഇതിൽ ഫിലമെന്റുകൾ ഉപയോഗിച്ച് ഇലക്ട്രോണുകൾ നിർമ്മിക്കുന്നു. ഇത് ഇലക്ട്രോണിക് സിഗ്നലുകളെ വികസിപ്പിക്കാനായാണ് (Amplify)ഉപയോഗിച്ചിരുന്നത്.

ഈ കമ്പ്യൂട്ടറുകൾ കണക്ക് കൂട്ടലുകൾ മില്ലിസെക്കന്റുകൾക്കുള്ളിൽ (Milliseconds) നടത്തിയിരുന്നു.പക്ഷേ ഈ കമ്പ്യൂട്ടറുകൾ വളരെയധികം സ്ഥലം അപഹരിച്ചിരിക്കുന്നു. ഒരു കമ്പ്യൂട്ടർ സ്ഥാപിക്കാനായി ഒരു മുറി മുഴുവനായും വേണ്ടി വന്നിരുന്നു. കമ്പ്യൂട്ടറുകളുടെ വലിപ്പം വളരെ വലുതായതു കൊണ്ടു തന്നെ ഇവ പ്രവർത്തിപ്പിക്കാൻ ധാരാളം വൈദ്യുതി ആവശ്യമായി വന്നിരുന്നു. മാത്രവുമല്ല, ധാരാളം താപം (Heat) ഇവയിൽ നിന്ന് പുറന്തള്ളിയിരുന്നു. ഈ താപത്തെ പ്രതിരോധിക്കാനായി, കമ്പ്യൂട്ടർ വെച്ചിരുന്ന മുറികൾ ശീതീകരിച്ചിരുന്നു (Air Conditioned).

ഇവയിൽ കണക്ക് കൂട്ടലുകൾ നടത്താനുള്ള നിർദ്ദേശങ്ങൾ നൽകാനായി യന്ത്രഭാഷയാണ് (Machine Language) ഉപയോഗിച്ചിരുന്നത്.
ഒന്നാം തലമുറയിലെ കമ്പ്യൂട്ടറുകൾക്ക് ഉദാഹരണങ്ങൾ ഇവയാണ് എനിയാക് (EDVAC), യുണിവാക് (UNIVAC).ഇവ ശാസ്ത്രീയ കണക്ക് കൂട്ടലുകൾ(Scientific Calculations) നടത്താനാണ് ഉപയോഗിച്ചിരുന്നത്.
വാണിജ്യ കമ്പ്യൂട്ടറുകൾ

**രണ്ടാം തലമുറ കമ്പ്യൂട്ടറുകൾ**



രണ്ടാം തലമുറ കമ്പ്യൂട്ടറുകളിൽ വാക്വം ട്യൂബുകൾക്ക് പകരം ട്രാൻസിസ്റ്ററുകളാണ് (Transistors) ഉപയോഗിച്ചിരുന്നത്. അവ വാക്വം ട്യൂബുകളേക്കാൾ വേഗതയേറിയതും വിശ്വസിനീയവുമായിരുന്നു. വാക്വം ട്യൂബുകളെ അപേക്ഷിച്ച് ട്രാൻസിസ്റ്ററുകൾ വലിപ്പത്തിൽ വളരെ ചെറുതായിരുന്നു. മാത്രവുമല്ല ട്രാൻസിസ്റ്ററുകൾ വളരെ കുറച്ച് താപം മാത്രമേ ഉല്പാദിപ്പിക്കുകയുള്ളൂ.

ഈ കമ്പ്യൂട്ടറുകളിൽ യന്ത്രഭാഷക്ക് പകരമായി അസംബ്ലി ഭാഷയാണ് (Assembly Language) ഉപയോഗിച്ചിരുന്നത്. കമ്പ്യൂട്ടറിന് നൽകേണ്ട നിർദ്ദേശങ്ങൾ വാക്കുകളുടെ രൂപത്തിൽനൽകാൻ അസംബ്ലി ഭാഷ

കൊണ്ട് സാധിച്ചു. ഇത് പ്രോഗ്രാം ചെയ്യുന്നവരെ വളരെയധികം സഹായിച്ചു. ഈ തലമുറയിലെ കമ്പ്യൂട്ടറുകളെ പ്രധാന പ്രത്യേകത, പ്രോഗ്രാം ശേഖരണ രീതിയാണ് (Stored Program Concept) ഉപയോഗിച്ചിരുന്നത് എന്നതായിരുന്നു. അതായത് നിർദ്ദേശങ്ങളും മറ്റും കമ്പ്യൂട്ടറിന്റെ ഓർമ്മയിലാണ് (Memory) സൂക്ഷിച്ചിരുന്നത് . ഈ കമ്പ്യൂട്ടറുകളിൽ ശേഖരണ ഉപകരണങ്ങളായി കാന്തിക ടേപ്പുകളും (Magnetic Tapes) കാന്തിക ഡിസ്കുകളുമാണ് (Magnetic Disks) ഉപയോഗിച്ചിരുന്നത്.

രണ്ടാം തലമുറ കമ്പ്യൂട്ടറുകളുടെ ഉദാഹരണങ്ങൾ: IBM 1620, PDP8, CDC1604

**മൂന്നാം തലമുറ കമ്പ്യൂട്ടറുകൾ**



**ഈ** തലമുറയിലുണ്ടായ പ്രധാന മാറ്റം, ഐ, സി. ചിപ്പുകളുടെ (I.C.Chips)ഉത്ഭവമാണ്. ഐ. സി എന്നത് വൈദ്യുത സർക്യൂട്ട് അടങ്ങുന്ന ഒരു സിലിക്കൺ ചിപ്പ് ആണ്. ഈ ഒരു ചെറിയ ചിപ്പിൽ തന്നെ

ട്രാൻസിസ്റ്റർ പോലുള്ള, സർക്യൂട്ടിൽ ഉപയോഗിക്കുന്ന ധാരാളം വസ്തുക്കൾ (Circuital Elements) കൂട്ടിച്ചേർക്കാനാകും. ഐ. സി യുടെ കണ്ടുപിടിത്തം കമ്പ്യൂട്ടറുകളുടെ വേഗതയേയും കഴിവിനേയും കാര്യമായി ബാധിച്ചു. മൂന്നാം തലമുറ കമ്പ്യൂട്ടറുകളുടെ ഉദാഹരണങ്ങൾ:IBM 370, PDP11,CDC7600

**നാലാം തലമുറ കമ്പ്യൂട്ടറുകൾ**



ഈ തലമുറയിലെ കമ്പ്യൂട്ടറുകളിൽ കമ്പ്യൂട്ടർ അഥവാ കമ്പ്യൂട്ടർ സംബന്ധിച്ച ഉപകരണങ്ങളുടെ നിർമ്മാണത്തിൽ Large Scale Integration (LSI) ഉം Very Large Scale Integration (VLSI) ഉം ഉപയോഗിച്ചിരുന്നു. LSI അല്ലെങ്കിൽ VLSI തുടങ്ങിയവയിൽ ഒരു ചിപ്പിൽ കഴിഞ്ഞ തലമുറയിൽ നിന്ന് വ്യത്യസ്തമായി അതിൽ കൂടുതൽ വസ്തുക്കൾ കൂട്ടിച്ചേർത്തു. ആ ചിപ്പിന് മൈക്രോപ്രൊസസ്സർ (Microprocessor) എന്നാണ് പേര്.

അതിൽ കൺട്രോൾ ലോജിക്കും മെമ്മറിയും ഉൾപ്പെടുത്തിയിരുന്നു. ലോകത്തെ ആദ്യ മൈക്രോപ്രൊസസ്സർ ഇന്റൽ കമ്പനിയുടെ ഇന്റൽ 4004 ആയിരുന്നു. ശേഖരണത്തിനായി കാന്തിക വസ്തുക്കൾക്ക് പകരം അർദ്ധചാലക (Semiconductor) സംവിധാനങ്ങൾ ഉപയോഗിച്ചതും ഈ തലമുറയിലായിരുന്നു.

ആശയവിനിമയത്തിനായി കമ്പ്യൂട്ടറുകൾ തമ്മിൽ ബന്ധിപ്പിക്കപ്പെട്ടു. രണ്ട് തരത്തിൽ ഈ ബന്ധനത്തെ തരം തിരിച്ചിരുന്നു.

**അഞ്ചാം തലമുറ കമ്പ്യൂട്ടറുകൾ**








**ഈ** തലമുറയിൽ Ultra Large Scale Integration (ULSI) സങ്കേതമാണ് ഉപയോഗിക്കുന്നത്. അത് നാലാം തലമുറയിലുപയോഗിച്ചിരുന്ന മൈക്രോപ്രൊസസ്സറുകളേക്കാൾ വേഗതയേറിയതും ശക്തിയേറിയതുമാണ്. കൊണ്ടുനടക്കാവുന്ന തരത്തിലുള്ള കമ്പ്യൂട്ടറുകൾ

അവതരിപ്പിക്കപ്പെട്ടത് ഈ തലമുറയിലാണ്. കൃത്രിമ ബുദ്ധിയുള്ള (Artifical Intelligence) കമ്പ്യൂട്ടർ ഉപകരണങ്ങൾ കണ്ടെത്താനുള്ള ഗവേഷണങ്ങൾ ലോകത്തിന്റെ പല കോണുകളിലും നടന്നുകൊണ്ടിരിക്കുന്നു. ഈ തലമുറയിൽ സി,സി പ്ലസ് , ജാവ, തുടങ്ങിയ കമ്പ്യൂട്ടർ ഭാഷകളിൽ എഴുതിയ നിർദ്ദേശങ്ങൾ അനുസരിക്കുന്ന പഴയ തലമുറകളിൽ നിന്നു വ്യത്യസ്തമായി മനുഷ്യ ഭാഷതന്നെ ഉപയോഗിച്ചേക്കാം.



# മനുഷ്യനും ജീവിത മൂല്യങ്ങളും

**ആൽബർട്ട് ആൻഡ്രൂസ്**



'ലോകാസമസ്താ സുഖിനോ ഭവന്തു' സർവ്വലോകർക്കും സുഖമുണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിച്ച ആത്മീയാചാര്യന്മാരുടെ പ്രാർത്ഥനമന്ത്രം മനസ്സിനെ നിയന്ത്രിക്കാനും ശാന്തമാക്കുവാനും സഹായിക്കുന്ന മഹത്തായ ഭാരതീയ സംസ്കാരം കെട്ടിപ്പടുക്കുകയും തലമുറകളിലേക്ക് കൈമാറുകയും ചെയ്ത നന്മനിറഞ്ഞ നമ്മുടെ നാട്. ഒരു പരമാണുവിനെ പോലും ദ്രോഹിക്കാതിരുന്ന അഹിംസയുടെ വക്താവായിരുന്ന ഗാന്ധിജിയും കാരുണ്യത്തിന്റെ നിറകുടമായിരുന്ന മദർ തെരേസയുമൊക്കെ ജീവിച്ച് മരിച്ച മണ്ണ്. അന്യന്റെ വേദനയെ സ്വന്തം

വേദനയായി കണ്ട് പരസ്പരം സഹായിച്ചിരുന്ന നമ്മുടെ പൂർവ്വികർ ജീവിച്ച മണ്ണ്.

ആധുനിക ലോകം വികസനത്തിന്റെ പാതയിൽ കുതിക്കുന്ന ഇന്ന് സാമൂഹ്യ തിന്മകൾ പെറ്റുപെരുകുന്നു എന്നത് ഒരു യാഥാർഥ്യമാണ്. കൊള്ളയും കൊലയും ഒരു വശത്ത് അരങ്ങേറുമ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ സമൂഹത്തിനു നേരെ ഒരു ചോദ്യചിഹ്നമായി ഇന്ന് ഉയർന്നു വരുന്നു. നാം അനുദിനം വായിക്കുന്ന അഥവാ കേൾക്കുന്ന തട്ടിപ്പുകളും പീഡനങ്ങളുമെല്ലാം ധർമ്മത്തിൽ അധിഷ്ഠിതമല്ലാത്ത ജീവിത ശൈലിയുടെ തിക്ത ഫലങ്ങളാണ്.

വിശപ്പടക്കാൻ ഭക്ഷണം മോഷ്ടിച്ചു എന്നതിന്റെ പേരിൽ മധു എന്ന ചെറുപ്പക്കാരനെ പേപ്പട്ടിയെപ്പോലെ തല്ലിക്കൊന്ന വാർത്ത നാം എല്ലാവരും അറിഞ്ഞതാണ്. ഇതാണോ നമ്മുടെ ജീവിതമൂല്യം? അന്യന്റെ വേദനയെ മനസ്സിലാക്കാനോ മുറിവേറ്റു വഴിയിൽ പിടയുന്നവരെ രക്ഷിക്കാനോ തുനിയാതെ അതിവേഗം നടന്നു നീങ്ങുമ്പോൾ മനുഷത്വം നാം മറക്കുന്നു. സ്വന്തം കാര്യം നടക്കാൻ ഭർത്താവിനേയും ഭർതൃമാതാപിതാക്കളേയും കൊന്നുവീഴ്ത്തിയ ജോളിയുമൊക്കെ നമുക്ക് മുമ്പിൽ വിലങ്ങുതടിയായി നിൽക്കുമ്പൾ ജീവിത മൂല്യം ചരിത്രതാളുകളിലേക്ക് മറയുന്നു. പരിഷ്കൃതരെന്നും, സംസ്കാര സമ്പന്നരെന്നും, സാക്ഷരരെന്നും വീമ്പു പറയുന്ന നവ സമൂഹം സ്വാർഥമോഹങ്ങളുടെ പിടിയിലമർന്ന് തനിക്കൊപ്പമുള്ളവരുടെ നേരെ കത്തി എടുക്കാൻ തക്കവിധം കഠിന ഹൃദയരായിരിക്കുന്നു. ഞെട്ടിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്യുന്ന എത്രയെത്ര കൊടും ക്രൂരതകൾ പത്രമാധ്യമങ്ങളിൽ ദിനംപ്രതി നാം കണ്ടു മറക്കുന്നു. പകയും

വിദ്വേഷവും കുടുംബകലഹങ്ങളും മദ്യാസക്തിയും മാത്രമല്ല, നിസ്സാര പ്രശ്നങ്ങൾ വരെ ഇന്ന് കൊലപാതകത്തിലേക്ക് നയിക്കുന്നു.
ബീഫ് ഉപയോഗിച്ചതിന്റെ പേരിൽ എത്ര മനുഷ്യ ജീവിതങ്ങളെ തല്ലി ചതയ്ക്കുകയും ചവിട്ടി മെതിക്കുകയും ചെയ്തു. ജനപ്രതിനിധികൾ, ഗുരുക്കന്മാർ തുടങ്ങി സമൂഹത്തിനു ദിശാബോധം നൽകേണ്ടവർ തന്നെ തെറ്റായ വഴിയിലൂടെ നടന്നുനീങ്ങുകയാണ്.

സമൂഹത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബം മുതൽ ഇന്ന് പരിവർത്തനം ആവശ്യമായിരിക്കുന്നു.മാനുഷിക മൂല്യങ്ങളുടെ വിത്തുകൾ അവിടെ മുളച്ചു വളരണം. ആചാര്യമര്യാദകളും മൂല്യങ്ങളും പകർന്നു കൊടുക്കുവാൻ മാതാപിതാക്കൾക്ക് കഴിയണം. സ്നേഹത്തിന്റെ ,കാരുണ്യത്തിന്റെ, സാന്ത്വനത്തിന്റെ സ്പന്ദനങ്ങൾ അലയടിക്കുന്ന വിശുദ്ധിയുടെയും വിട്ടുവീഴ്ചയുടെയും സുകൃതങ്ങൾ നിറഞ്ഞുനിൽക്കുന്ന പുണ്യമായി ഓരോ കുടുംബവും വളരണം. മനുഷ്യജീവിതം എന്ന അമൂല്യമായ ഈശ്വര ദാനത്തിന്റെ അർത്ഥം ഓരോരുത്തരും മനസ്സിലാക്കണം. നമ്മുടെ കുടുബങ്ങൾ മൂല്യങ്ങൾ നിറഞ്ഞതായിരിക്കുവാൻ ശ്രദ്ധിക്കുകയാണ് അടുത്ത തലമുറ ജീവിതം മൂല്യപുഷ്ക്കലമായിരിക്കാൻ നാം ചെയ്യേണ്ടത്. വിദ്യാലയാന്തരീക്ഷവും കുടുംബവും മൂല്യങ്ങൾ നിറഞ്ഞതായിരുന്നാൽ പുതുതലമുറ ജീവിതം ഭദ്രവും ധന്യവുമാകുമെന്നതിൽ സംശയമില്ല.

തിന്മയെ നന്മകൊണ്ട് ജയിക്കുവാൻ ദ്രോഹിക്കുന്നവരോട് ക്ഷമിക്കുവാൻ മനുഷ്യനേ സാധിക്കൂ. സ്നേഹവും സഹനവുമൊക്കെ മനുഷ്യന്റെ മാത്രം ഭാവങ്ങളാണെന്ന തിരിച്ചറിവ് നമ്മുക്കുണ്ടാവണം. നശിപ്പിച്ചു കളഞ്ഞ മൂല്യങ്ങൾ നമ്മുക്ക് തിരികെ പിടിക്കാം.

“അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ  വിവേകികൾ"

എന്ന് കുമാരനാശാൻ പാടിയതുപോലെ മറ്റുള്ളവരുടെ ജീവനു വിലകൽപിക്കുന്ന, അവരെ സഹായിക്കുന്ന ഒരു സംസ്കാരം ഇവിടെ വളരട്ടെ. അന്ധകാരം നിറഞ്ഞ ഈ ലോകത്ത് പ്രകാശം പരത്തുന്ന നന്മനിറഞ്ഞ ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ നമ്മുക്കു കഴിയട്ടെ. മൃഗീയവാസനകളെ ഉണർത്താതെ മനുഷ്യത്വമുള്ളവരായി മാനവിക മൂല്യങ്ങളുടെ പ്രവാചകന്മാരായി നമ്മുക്ക് മാറാം.



# At The End



Oh! It happened at the last night
My dreams had flown far away.
Which I had never expected?
A frozen air passes infront me.

My house, parents, relatives
All had been lost
Nobody heard my crying
Now! I'm like A empty bottle

Nothing was no more.
I was really alone
Everything flown away
Its god's plan. I know

Its time to end all my happiness
At the end it happen
Nothing was no more
Oh! God please help me.

**Angel Santhosh**

# പ്രതീക്ഷ

**ജോയൽ ജയിംസ്**



സമയം ഉച്ചതിരിഞ്ഞ് മൂന്നുമണി. പക്ഷെ ആകാശം ഇരുണ്ട് മൂടിയിരിക്കുന്നു. സർക്കാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ്കിട്ടിയ വിവരം.എന്നാൽ കടലാണ് ഞങ്ങളുടെ ജീവിത മാർഗ്ഗം. ഒരു ദിവസം മീൻപിടിക്കാൻ പോയില്ലെങ്കിൽ കുടുംബം പട്ടിണിയാണെന്ന് ഉറപ്പാണ്.

എന്തോ ഒരു അപായ സൂചന നൽകികൊണ്ട് സൂര്യൻ എവിടെയോ മറഞ്ഞു. ഞങ്ങളുടെ പ്രാരാബ്ധങ്ങളും വേദനകളും പേറിക്കൊണ്ട് വള്ളം മുൻപോട്ട് നീങ്ങിത്തുടങ്ങി. വള്ളം നടുക്കടലിനോടടുക്കുമ്പോൾ തിരമാലകൾക്ക് ശക്തി കൂടിത്തുടങ്ങി. വള്ളം കലുങ്ങിത്തുടങ്ങി.....ജോലിയോടുള്ള ആത്മാർത്ഥതയാണോ പട്ടിണി കിടക്കാനുള്ള മടികൊണ്ടാണോ എന്നറിയില്ല മീൻ പിടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

പക്ഷെ തിരമാലകൾ വള്ളത്തിൽ ജലപ്രവാഹത്തിന് കാരണമായി. മരണത്തിന്റെ കഴുകൻ എന്നെയും കൊണ്ട് അഗാധങ്ങളിലേക്ക്  പറക്കുന്നതുപോലെ അനുഭവപ്പെടുന്നു. പെട്ടെന്ന് എന്റെ ചെറിയ വീടും പട്ടിണിയും ദുരിതവും 'സ്നേഹവും' മാത്രമുള്ള കുടുംബവും മനസ്സിലേക്കോടിയെത്തി.

എല്ലായിടത്തും നിലവിളികൾ ഉയർന്നു. വലിയ കോളിളക്കത്തിൽ വള്ളം മറിഞ്ഞു. മരണ ദൂതൻ എന്റെ കഴുത്ത് ഞെരിക്കാൻ ശ്രമിക്കുന്നു. വലിയ തിരമാലകൾ എന്നെയും കൊണ്ട് താഴേക്ക് പോയി. എന്റെ ബോധം നഷ്ടപ്പെടാൻ അധികം താമസിച്ചില്ല. ഇരുണ്ട കാർമേഘങ്ങളും അന്ത്യമില്ലാത്ത ക്രുദ്ധനായ കടലും ആ ദുരന്ത നിമിഷത്തിന് സാക്ഷിയായി.

കണ്ണുതുറക്കുമ്പോൾ ആദ്യം ഓർമ്മയിലെത്തിയതും കുടുംബമാണ്. ഞാൻ ഏതോ കരയ്ക്കടിഞ്ഞിരിക്കുന്നു. പ്രതീക്ഷകളൊക്കെയും പേറികൊണ്ട് ഒരു കൈ തനിക്കുവേണ്ടി കണ്ണുകൾക്ക് മുന്നിലേക്ക് നീണ്ടു. സൂര്യൻ കാർമേഘങ്ങൾക്കിടയിലൂടെ തെളിഞ്ഞുവരുന്നുണ്ടായിരുന്നു.

# Write Up: Little Kites

**Ann maria Babu**



We live in an age of information and technology. Every spheres of our life is influenced by information technology. It is of tremendous value for the student community they can make use of it to develop their personality and enhance their skills and knowledge.

The term KITE is an english word which means “eagle”. As we all know that the speauality of eagle is its far vision. The club-KITES have

a far vision in creation or making drastic changes in education through information technology.

It is a great programme started as part of the education of children. Espeually in information technology.

It has been a great gift to us as it has taken us to great world of knowledge. It has made us to know what is really computing and the machanism behind it.

As the beginning different schools had joined classes in a particular school. It explained to us abouts its far seeing vision, future programmes, activities etc. KITE is an I T club formed by the state government.

'Little Kites' classes have been conducted weekly, partiwlarly on wednesday. It becomes a long awaited day of the week.

Classes have been conducted on the basis of animation, programming, rasberi pi etc. The best student from the school selected for sub district camps

The sub district camp mainly gave importance to two subject that is Animation and programming

Special camps have been conducted to teach us about camera shooting and T.V news reporting it had been a great experience which helped to know the basic ideas of camera and news pre telecasting that we see in the television

Kites introduce students to 3D Animation, creation of mobile App, cyber network, Rasberi pi etc.

The next stage of camp was district, for two days. This camp make the students to interact move computer day and night. Students have been divided to in two groups “Animation ” and “programming“ Animation classes were based on blender software and programming based on mobile app creation.

Then state camp where the further classes of district camp is be given As a part of text all the students in the school are asked to do some project.

We know that Information is knowledge is power. It is the students who turn Information into power. Then choose the right type of Information and use it for their education needs.



# കുടുംബം



ഭ്രുവിലെ സ്വർഗ്ഗം കുടുംബം
വാൽസല്യ കുമ്പാര നിറകുടം
മാതാപിതാ സ്നേഹ സമർപ്പിതൻ
എരിഞ്ഞടങ്ങി പ്രഭയറ്റ മെഴുകുപോൽ

ഭുവനേശ്വര ദാനം സന്താന
സംപുഷ്ടി വിളങ്ങുന്നു
വിണ്ണിലെ സ്വപ്നം മണ്ണിതിൽ

രസനതൻ മിഴിനീർ തുള്ളികൾ
ചാലിച്ചിതില്ലെങ്കിൽ മാറിടും
കോമരങ്ങൾ നാളെ തൻ മക്കൾ

സ്നേഹത്തിനൊപ്പം പകർന്നിടേണം
ജീവിത യാഥാർത്ഥ്യ സത്യങ്ങളും
ഒന്നുമറിയാതെ വളർന്നിടും പൈതൽ
ഒന്നുമോർക്കാതെ തള്ളീടും സൃഷ്ടാക്കളെ

ഓർക്കുക ഭുവിൽ തൻ സ്വർഗ്ഗം
കോർത്തിടാൻ രത്നമാണിക്യങ്ങൾക്കാവില്ല സോദരേ!
കീറിമുറിക്കണം താനെന്ന ഭാവം
തോൽവി തൻ അൾത്താരയായിടേണം
തീർത്തിടും സ്വർഗ്ഗീയ താതൻ തൻ
ഇമ്പമൂറും നന്മപൂർണ്ണമാം നൽ കുടുംബം.

**ബീന ജോസ്**



# വിസ്മരിക്കപ്പെടാത്ത ബാലത്വം

**ആൻലിയ കെ.ബി**



മനു അങ്കിളും കുട്ടികളും അന്നും  സവാരിക്കായിറങ്ങി. മഞ്ചാടിമല കയറിയിറങ്ങി  അതിനടിവാരത്തിരുന്ന്  കഥ  പറയുകയാണ് അവരുടെ പ്രധന  പരിപാടി.  അന്ന് അങ്കിൾ  കുട്ടികളോട് ചോദിച്ചു ; ”ഇന്നു നിങ്ങൾ എന്തു  കഥ കേൾക്കാനാണാഗ്രഹിക്കുന്നത് ?” അമ്മുക്കുട്ടി ചാടി

മറുപടി പറഞ്ഞു അങ്കിളിന്ന് അനാഥനായ ജോബിന്റെ കഥ പറയാമെന്ന് പറഞ്ഞിരുന്നു. അങ്കിൾ കഥ ആരംഭിച്ചു;

അന്ന് കഠിനമായൊരു മഴയുള്ളൊരു ദിവസമായിരുന്നു. ഗ്രിഗറി അപ്പൂപ്പൻ പാടത്തുനിന്നും ഓടി വന്ന് വരാന്തയിൽ കയറി. ഇറവലാത്തുകൂടി ഊർന്നുവന്ന മഴവെള്ളത്തിൽ കൈകളും കാലുകളും വൃത്തിയാക്കി. പിന്നീട് മഴയുമാസ്വദിച്ച് ആ വരാന്തയിൽ തന്നെയിരുന്നു. കട്ടപ്പത്തിലൊരു ചായ കിട്ടിയാൽ കൊള്ളാമായിരുന്നു. പക്ഷെ ഒറ്റയ്ക്ക് താമസിക്കുന്ന ആ വീട്ടിൽ ഒരു ചായയിട്ടുകൊടുക്കാൻ വേറെയാരും ഉണ്ടായിരുന്നില്ല. ആ സമയം അപ്പൂപ്പൻ അന്നാമ്മച്ചിയെ നന്നായിതന്നെയൊന്നു സ്മരിച്ചു. മക്കളില്ലാത്ത താൻ ഇതെല്ലാം ആർക്കുവേണ്ടി ഉണ്ടാക്കുന്നുവെന്നത് അപ്പൂപ്പൻ എപ്പോഴും ആവർത്തിക്കുന്ന ചോദ്യമാണ്. ആ ചോദ്യം അപ്പോഴും ചോദിക്കാതിരുന്നില്ല.

മഴ തോർന്നു അപ്പൂപ്പൻ വീടിനുള്ളിലേക്ക് കടക്കാൻ ശ്രമിക്കുമ്പോൾ വഴിയിൽനിന്നും ഒരു കരച്ചിൽ കേട്ടു. ഒരു പൂച്ചക്കുഞ്ഞിന്റേതുപോലെ നിഷ്കളങ്കമായ ആ കരച്ചിൽ അപ്പൂപ്പൻ ഒന്നുകൂടിഒന്ന് ശ്രദ്ധിച്ചു. അതൊരു മനുഷ്യക്കുഞ്ഞിന്റെ കരച്ചിലാണെന്ന് തിരിച്ചറിഞ്ഞ അപ്പൂപ്പൻ വഴിയരുകിലേക്ക് ഓടിചെന്നു. അവിടെ കണ്ട ആ ചോരകുഞ്ഞിന്റെ മുഖം അപ്പൂപ്പനെ സ്തംഭിപ്പിക്കാതിരുന്നില്ല. രണ്ടോ മൂന്നോ വീട്ടുകാർ മാത്രം നടക്കാൻ ഉപയോഗിക്കുന്ന ആ ചെറുവഴിയിൽ ഈ ചോരകുഞ്ഞിനെ ഉപേക്ഷിക്കാൻ മാത്രം ക്രൂരനായ അച്ഛനും അമ്മയും ആരാണ്? അപ്പൂപ്പൻ കുഞ്ഞിനെയും കൈയിലെടുത്ത് പരിസരങ്ങളിലെല്ലാം തിരഞ്ഞെങ്കിലും ആരെയും കാണാനായില്ല. വീണ്ടും ആകാശത്ത് മഴക്കോൾ കണ്ടപ്പോൾ അപ്പൂപ്പൻ കുഞ്ഞുമായി വീട്ടിലേക്കുകയറി. ആ കുഞ്ഞിനെയോർത്ത് അപ്പൂപ്പനൊന്ന്

വേവലാതിപ്പെട്ടെങ്കിലും താൻ നിരന്തരം ആവർത്തിക്കുന്ന ചോദ്യത്തിനൊരുത്തരമായി ദൈവം നൽകിയതാണവനെ എന്ന് വിശ്വസിക്കാനും അവനെ വളർത്താനുള്ള തീരുമാനമെടക്കാനും അധികം താമസമുണ്ടായില്ല.

2-3 വർഷങ്ങൾ പിന്നിട്ട അപ്പൂപ്പൻ അറുപതിന്റെ നിറവിലേക്ക്പ്രവേശിപ്പിച്ചു. തന്റെ കൊച്ചുമകനെന്ന നിലയിൽ ആ കുഞ്ഞിന് 'ജോബ് ' എന്ന പേരുനൽകി അവനെ സ്കൂളിലയച്ചു.ചെറുപ്പം മുതൽ തന്നെ അവൻ മിടുമിടുക്കനാണ്.അപ്പനും അമ്മയും ഒരപകടത്തിൽ മരണപ്പെട്ടു എന്നാണ്  അപ്പൂപ്പൻ ജോബിനെ പറഞ്ഞ് ധരിപ്പിച്ചത്. അവൻ അത് വിശ്വസിക്കാതിരുന്നില്ല.നാട്ടുകാരെ ബോധ്യപ്പെടുത്തേണ്ടതായും വന്നില്ല. സ്കൂളിൽ ചേർന്ന് പഠനമാരംഭിച്ചപ്പോൾ ജോബിന് ഒരുപാട് കൂട്ടുകാരെ കിട്ടി .ഒപ്പം ശത്രുക്കളെയും, ശത്രുക്കളെന്ന് പറയുമ്പോൾ അവന്റെ സ്വഭാവ ദൂഷ്യം കൊണ്ട് കിട്ടിയതല്ല. അവന്റെ സഹപാഠികളിലൊരാളായ ശരണിന് പഠനകാര്യങ്ങളിൽ മുന്നിട്ടു നിൽക്കുന്ന ജോബിനോട് തോന്നിയ അസൂയയാണ് ശത്രുതയ്ക്ക് കാരണഹേതുവായത്. ശരണിന് ജോബിനെ ഉപദ്രവിക്കാൻ തക്കംകിട്ടിയപ്പോഴൊക്കെ  അവനതുപയോഗിച്ചു. പ്രകൃതാ ശാന്തസ്വഭാവക്കാരനായിരുന്ന ജോബ് ഉപദ്രവങ്ങൾക്കെതിരെ പ്രതികരിച്ചില്ല.

പക്ഷെ ക്ലാസിലെ പരീക്ഷകൾക്കുശേഷം റാങ്കുപട്ടിക പ്രസിദ്ധീകരിക്കുമ്പോൾ ഒന്നാം റാങ്ക് നേടിയിരിക്കുന്ന ജോബിനെയും പാരൻസ്സ് മീറ്റിങ്ങിൽ ഏറ്റവും അഭിമാനപുരസരം എത്തിച്ചേരുന്ന ഗ്രിഗറി അപ്പൂപ്പനേയും ശരൺ ദീപ്തമായ കണ്ണുകളോടെയാണ് നോക്കി കാണുക.പാദവാർഷിക പരീക്ഷ കഴിഞ്ഞുള്ള റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ അവന്റെ സ്ഥാനം വളരെ താഴെയാണെന്ന് അവൻ

മനസിലാക്കി.അവനത് സഹിക്കാനായില്ല.അപ്പോഴും അവന് ജോബിനോടുള്ള അസൂയ വർധിക്കുകയാണുണ്ടായത്. ജോണിനോട് അതുവരെ ചെയ്ത ഉപദ്രവമൊന്നും പോരാഞ്ഞ് അവൻ പുതിയൊരുപായം കണ്ടെത്തി.ശരൺ ജോണിൻെറ മാതാപിതാക്കളെക്കുറിച്ച് അവൻെറ അയൽപക്കങ്ങളിലെല്ലാം അന്വേഷിച്ചു. യാതൊരു വിവരവും അവന് ലഭിച്ചില്ല. മാത്രമല്ല, അന്നുവരെ ജോബിന്റെ മാതാപിതാക്കളെക്കുറിച്ച് സംസാരിക്കാതിരുന്ന നാട്ടുകാരുടെ ഇടയിലൊരു സംസാരവിഷയമായി അത്. ആ ചോദ്യവുമായി ഗ്രിഗറി അപ്പൂപ്പനടുത്തെത്തിയവരെ അപ്പൂപ്പൻ പറഞ്ഞയച്ചെങ്കിലും ഏതോ ഒരു നിമിഷത്തിൽ അത് അപ്പൂപ്പൻെറ വായിൽ നിന്നും വീണുപോയി. ശരൺ അതറിയാതിരുന്നില്ല. അവൻ ആ വിവരം ജോബറിയുന്നതിനു മുമ്പുതന്നെ ക്ലാസിൽ എല്ലാവരേയും അറിയിച്ചു. അന്നുരാവിലെ ക്ലാസിലെത്തിയ ജോബിനെ എല്ലാവരും അനാഥനെന്നു വിളിച്ചു. അങ്ങനെ അത്രകാലം സനാഥനായിരുന്നവൻ ആ നിമിഷം അനാഥനായി തീർന്നു.

ആ വിവരം ജോബിനെ വല്ലാതെ തളർത്തി.അവനത് അപ്പൂപ്പനോട് ഒരിക്കൽ മാത്രമേ ചോദിച്ചുള്ളൂ. അന്ന് ഉത്തരമില്ലാതെ നിന്ന അപ്പൂപ്പനെ അവൻ എന്നന്നേയ്ക്കുമായി അപ്പൂപ്പനായിട്ടംഗീകരിച്ചു.പക്ഷേ ശരണിന്റെ ഹിതം പോലെ അവൻ പഠനത്തിൽ തെല്ലൊന്ന് പിന്നോട്ടു നീങ്ങി.അങ്ങനെ ആ വിഷമവും പേറി പിന്നോട്ടും മുന്നോട്ടുമൊക്കെയായി അദ്ധ്യായനവർഷങ്ങൾ കഴിഞ്ഞുപോയ്ക്കൊണ്ടിരുന്നു.

ജോബ് എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു ദിവസം പ്രിൻസിപ്പാൾ ഗ്രിഗറി അപ്പൂപ്പനെ സ്കൂളിലേക്ക് വിളിച്ചു വരുത്തി.കുറച്ചു സമയം കഴിഞ്ഞപ്പോൾ ജോബും ഓഫിസിലേക്ക് വിളിക്കപ്പെട്ടു.അവനവിടെ ചെന്നപ്പോൾ അപ്പൂപ്പൻ നിറഞ്ഞ

കണ്ണുകളുമായി നിൽക്കുന്നു. കാഴ്ചയിൽ വളരെ ദയനീയരായ രണ്ടു ദമ്പതികൾ പ്രൻസിപ്പാളിനു മുമ്പിൽ ഇരിക്കുന്നു. ജോബിനെ കണ്ടതും അവരുടെ കണ്ണുകളിൽ എന്തെന്നില്ലാത്ത സന്തോഷം കാണപ്പെട്ടു. പ്രൻസിപ്പാൾ ജോബിന് അവരെ പരിചയപ്പെടുത്തികൊടുത്തു. അവൻെറ കാലുകൾ ഇടറി . കണ്ണുകൾ വിതുമ്പി. അപ്പൂപ്പനോട് ചേർന്നു നിന്ന് അവൻ പൊട്ടികരഞ്ഞു 'തൻെറ അചഛനും അമ്മയും ' അവനത് വിശ്വസിക്കാനാവില്ല.

അവർ അവിടെ നിന്നും പുറത്തിറങ്ങി.എല്ലാവരുടെയും കണ്ണുകൾ കലങ്ങിയിട്ടുണ്ട്. അവർ അപ്പൂപ്പനോട് പറഞ്ഞു.അന്ന് ഇവനുണ്ടായപ്പോൾ ഞങ്ങൾ കടുത്ത ദാരിദ്രത്തിലായിരുന്നു. ഇന്നും അതിന് മാറ്റമൊന്നുമില്ല. മരിക്കാൻ പുറപ്പെട്ട ഞങ്ങളുടെ മുൻപിൽ ഈ ജീവൻ കൂടി നഷ്ടപ്പെടുത്താൻ ആവില്ലായിരുന്നു . പക്ഷെ ഞങ്ങളുടെ ഈ മകൻെറ ജനനം തീർച്ചയായും ഐശ്വര്യപൂർണമായിരുന്നു. ഇവൻ ഞങ്ങളുടെ ജീവൻ ഇത്രകാലം പിടിച്ചുനിർത്തി. പക്ഷെ ഇപ്പോൾ വീണ്ടും ആ പഴയ അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. അവസാനമായി ഈ മുഖമൊന്നു കാണാൻ എത്തിയതാണ് ഞങ്ങൾ. നാളെ ഒരുപക്ഷെ നമുക്ക് പരസ്പരം കാണാനാക്കില്ല.

അപ്പൂപ്പൻ അവരെ സമാധാനിപ്പിച്ചു. " നിങ്ങളുടെ ഈ മകൻ എനിക്കു ഐശ്വര്യം തന്നെയായിരുന്നു . ഇവനെ എൻെറ അവസാനകാലം വരെ എനിക്ക് വേണം . നിങ്ങളിനി മരണത്തെക്കുറി ചിന്തക്കരുത് . എന്നോടൊപ്പം, നിങ്ങളുടെ മകനോടൊപ്പം നിങ്ങൾക്കെന്റെ വീട്ടിൽ കഴിയാം. ഒരുപാടുകാലം അനാഥത്വത്തിൻെറ വേദനയനുഭവിച്ച എനിക്ക് നിങ്ങളും വിഷമം മനസ്സിലാകും. വരൂ നമുക്ക് പോകാം ." അതിൽ നിന്നും മറുത്തൊന്ന് ചിന്തിക്കാൻ കഴിയുന്നതായിരുന്നില്ല അവരുടെ അവസ്ഥ . അവർ അപ്പൂപ്പൻെറ ക്ഷണം


സ്വീകരിച്ച് ആ വീട്ടീലേക്ക് പോയി . ജോബ് ക്ലാസ്സിൽ ചെന്ന് തൻെറ അച്ഛനമ്മയും തിരിച്ചെത്തിയ വിവരം കൂട്ടുകാരെ അറിയിച്ചു . വൈകുന്നേരം സ്കൂൾ വിട്ട് പതിവിലധികം സന്തോഷവാനായി അവനും വീട്ടിലേക്ക് മടങ്ങി.



# മനസിന്റെ, താക്കോലുകളായ് നവമാധ്യമങ്ങൾ

**ആൻലിയ കെ.ബി**

- മനുഷത്വത്തിന്റെ, മാനവികതയുടെ പുൽനാമ്പുകൾ കിളിർത്തുപൊങ്ങുന്നു. എന്നാൽ അധികായുസില്ലാത്തവ വെയിലേറ്റ് വാടിപേകുന്നു. മനുഷ്യന്റെ കണ്ണുകളും കാതുകളും മനസ്സും മറ്റെവിടെയോ ശ്രദ്ധയുറപ്പിച്ചിരിക്കുന്നു. എങ്ങോട്ടാണീ കാലത്തിന്റെ പോക്ക്? എന്താണ് ഇതിന്റെയെല്ലാം പര്യാവസാനം? ആര് ഈ ലോകത്ത് അവശേഷിക്കും?



ഇങ്ങനെ എത്ര ചോദ്യങ്ങൾ നമ്മുടെ മുൻപിൽ ഒരു വലിയ ചോദ്യചിഹ്നമായി മാറുന്നു. വികസനവും ആധുനിക സാങ്കേതിക വിദ്യയും കുതിപ്പു തുടരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിൽ നിന്നും നമുക്ക് കണ്ടെത്താനാവുക മൂല്യങ്ങൾ മറഞ്ഞുപോയ തിളക്കമില്ലാത്ത മുത്തുകളെ മാത്രം.

അതെ, മാധ്യമങ്ങളുടെ സ്വാധീനം പുതു തലമുറയിലേൽപ്പിച്ച ആഘാതം. ഇന്നത്തെ കുട്ടികൾ, നാളത്തെ പൗരന്മാർ നാളയുടെ വാഗ്ദാനങ്ങൾ. അവർ ആധുനിക സാങ്കേതിക രംഗത്ത് അത്തരമൊരു നേട്ടം കൈവരിച്ചേക്കാം. എന്നാൽ ഒരു നല്ല മനുഷ്യനെന്ന നിലയിൽ അവർ അധഃപതിച്ചവരായിരിക്കും. ഫോൺ, ഇന്റർനെറ്റ്, ടി.വി തുടങ്ങിയവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് സംസാരിക്കുന്ന ഏവനും എങ്ങനെയാവരുത് എന്ന് മാതൃക കാണിക്കാൻ ചുറ്റുവട്ടത്തായ് കുഴിഞ്ഞുപോയ ഒരുപാട് കണ്ണുകളും ടച്ച്സ്ക്രീനിൽ അമർന്നുപോയ ഒരുപാട് കൈകളും കാണിക്കുവാനാകും.

"ഒരു മാധ്യമത്തെ നിയന്ത്രിക്കുന്നവൻ അവന്റെ മനസ്സിനെ നിയന്ത്രിക്കുന്നു. " പ്രശസ്തനായ ജിം മാരിസണിന്റെ വാക്കുകളാണിവ. ഈ വാക്കുകൾ ഒരുപാട് അർത്ഥ തലങ്ങൾ നമുക്കു മുന്നിൽ തുറന്നുനൽകുന്നു. നമ്മുടെ പൂർവികർക്ക് നല്ലവരായ ചില മനഃസാക്ഷി സൂക്ഷിപ്പുകാരുണ്ടായിരുന്നു. അവർ ഏറ്റവുമടുത്ത സുഹൃത്തുക്കളായിരുന്നു.

എന്നാൽ ഇന്നത്തെ കുട്ടികളുടെ മനസാക്ഷി സൂക്ഷിപ്പുകാർ. അവരുടെ കൈയിലെ മൊബൈൽ ഫോണുകളാണ്. എല്ലാ രഹസ്യങ്ങളും അവർ പങ്കുവയ്ക്കുന്നതും അതിനോടുതന്നെ.

പാഠപുസ്തകതാളുകളിൽ നിന്നും പറിച്ചെടുക്കുന്ന ആ കണ്ണുകൾ ഇന്നവർ പതിപ്പിച്ചിരിക്കുക പ്രകാശപൂർണമായ ഡിജിററൽ സ്ക്രീനുകളിലാണ്. നിഷ്കളങ്കമായി തിളങ്ങിയ ആ കണ്ണുകൾക്ക് ഇന്ന് എന്തു രോഗമാണ് ബാധിച്ചിരിക്കുന്നത് ? അതിൻെറ ശോഭ നഷ്ടപ്പെട്ടുപോയതായി കാണാം. ശാസ്ത്രം ആ രോഗങ്ങൾക്കുവേണ്ടി മരുന്ന് കണ്ടുപിടിക്കേണ്ടതുണ്ട്. ആ മറഞ്ഞുപോയ കണ്ണുകളെ വീണ്ടെടുക്കാൻ എന്താണ് ഇന്നൊരു പ്രതിവിധി?

വിവിധങ്ങളായ സോഷ്യൽ മീഡിയകൾ ഇന്നത്തെ മനുഷ്യന്റെ, പ്രത്യേകിച്ച് കുട്ടികളുടെ ജീവിതത്തെ ത്രപപ്പെടുത്തുന്നതായി കാണാം. ഓരോ മെസേജുകളും വീഡിയോകളും ചിത്രങ്ങളും അവരുടെ മനസ്സുകളെ ഒരുപാട് സ്വാധീനിക്കുന്നു. അവ തങ്ങളുടെ ജീവിതത്തിൽ ഉൾപ്പെടുത്താൻ അവർ ആഗ്രഹിക്കുന്നു. ആശയങ്ങളും ആവിഷ്കാരങ്ങളുമില്ലാതെ സമൂഹത്തിലെ പ്രശ്നങ്ങൾക്കു മുന്നിൽ അവർ സ്തബ്ധരായി പോകുന്നു.

നാം മനസിലാക്കേണ്ട വസ്തുത ഇനി വളർന്നു വരുന്ന തലമുറ മൂല്യങ്ങൾ വിതറാൻ കഴിവുള്ള ഒന്നാകണം എന്നതാണ്. നവമാധ്യമങ്ങൾ ഒരുക്കുന്ന കെണികളിൽ കുടുങ്ങിപോകാതെ അവയുടെ നല്ല വശങ്ങളെ തിരിച്ചറിഞ്ഞ ആധുനിക ലോകത്തിന് മൂല്യമുള്ള സംഭാവനകൾ നൽകാൻ പുതുതലമുറ പ്രാപ്തരാകട്ടെ.

# A Broken Heart

***Angel Santhosh***



One day Nik Alexander and his wife Nikhita and his child Henry reaches London. Both of them got a good job and lead a happy life. Henry was only six years old.

When they reach London at first they were worried about their family. Henry go to school with

parents and also come back with his parents. They buy also the things that Henry needed. They buy snacks and chocolate regularly.

As well as Henry grew up with all good qualities. He was good at study,  running, drawing and so on. The parents usually try to build Henry as a talented student.

Soon they became very rich and their lifestyles totally changed. They try to forget about their relatives and family members. Nik’s and Nikhita were converted to a small world including Henry.

Only target of Henry’s parents was to make more and more money. Even though Henry’s parents forget Henry in their busy life. Henry was alone at home and feel lonelyness. Earlier Henry went to school with his parents. These days he used to go school through van.

Nobody was these to look Henry. His life became full of darkness and lonelyness. Nik and Nikhita came at night go early in the morning. The only aim infront of Nik and Nikhita was to make money.

He was not at all interested in anything. He was not at all active in the class. Teachers and Friends

notice Henry and listen the change in his behaviour. Teachers also complain that he was absent-minded in class.

Lonelyness! Lonelyness. Combel Henry to leave the home.

At last the only way infront of Henry was to leave the home. He prepare all the arrangements to leave the home.

Henry then leave the home. He entered into deep darkness and was walking alone.

Nik and Nikhita reached home and they did not see Henry.

They were really Frightened and afraid when they did not see Henry. They inform the police and was not able to find Henry.

Henry entered into deep darkness. They cried loudly but nobody was there to hear their crying.

Nik and Nikhita understand the value of Henry and he was no more with them.

# ഇരുളിൽ ഒരു തിരിനാളമായ്



ആൾത്തിരക്കൊഴിഞ്ഞൊരാ

ഉത്സവനഗരിയാകുന്നിതാ മമ വിധിവൈവിധ്യം....

നിശാസഞ്ചാരിയാമെൻ സഹചാരികളായ്

അവശേഷിക്കുന്നിതാ ഉപേക്ഷിക്കപ്പെട്ടവർ....

പലതായ ആവർത്തനങ്ങളുളവാക്കിയ നൊമ്പരങ്ങൾ,

കൺകളിറുക്കി, വയർഞെരുക്കിയമർത്തി,

പുഞ്ചിരിയോടങ്ങനെ സ്വീകരിക്കാൻ

അവൾക്കിന്നു കഴിഞ്ഞിരിക്കുന്നു...

തളിരിടുന്നു സ്ത്രീത്വത്തിൻ നാമ്പുകൾ...

ഉത്സവവീഥികൾ തൻ തോരണങ്ങൾ

മറയാക്കിടും നിരവധിയാം മിഴികളെന്നിലേക്കായ്

ക്രൂരമ്പുകൾ തെറുത്തീടുന്നു,

പലതായ നിഴലുകൾ എൻ

കാലടികൾ പരതിപിന്തുടരുന്നു...

പകൽവെളിച്ചമാന്യർ ഈ രാവിൻ നിലാവിൽ-

പോലുമേ അന്ധകാരം കലർത്തുന്നു...

വിറക്കുന്നിതെൻ കരങ്ങൾ,

വിതുമ്പുന്നിതെൻ അധരങ്ങൾ...

നിശാവീഥികളെന്നിൽ

നന്നേ ദയമുളവാക്കീടുന്നിതാ...

ഉത്സവമങ്ങനെ ആഘോഷത്തിമിർപ്പിൻ

ഉച്ചക്കോടിയിലെത്തവെ,

തടയുവാനാരുമില്ലെന്നിരിക്കെ

പരിഹാസനിർഭരമാം

നോട്ടങ്ങളെൻ മാറുപിളർത്തി

കാമനിർവൃതിക്കൊരിരയാകാൻ

ഞാനും വിധിക്കപ്പെട്ടിരിക്കുന്നുവോ?

ഉപയോഗനിർവൃതിയടഞ്ഞങ്ങനെ

ഉപേക്ഷിക്കുന്നിതാ നിരവധിയാം ചവറുകളേ...
പൊലിയുന്ന പെൺമാനങ്ങൾ തൻ-
കണക്കിൽ ഞാനോരാൾ മാത്രമല്ലെന്നറിയുന്നു.

തളിരിടുന്നൊരാ സ്ത്രീത്വത്തിൽ
ആശകൾതൻ ചിറകരിഞ്ഞെങ്കിലും
മനുഷ്യമൃഗങ്ങളെ,
അട്ടഹാസങ്ങളിനിയുമിവളെ
പേടിപ്പിക്കയില്ലെന്നോർത്തുകൊൾകനീ...
നീതിതൻ ഉദയം ഏറെയൊന്നും പിറകിലല്ല

സ്ത്രീയെന്ന ജന്മമിന്നാരുടെയൊക്കെയോ
ആഗ്രഹപ്രാപ്തിക്കുമാത്രമാകുന്നു...
ഒരുമുഴം കയറിലൂയലാടിട്ടും
രണ്ട് കുഞ്ഞുടുപ്പുകളും,
പിച്ചിചീന്തപ്പെട്ട നിരവധിയാം സ്ത്രീത്വങ്ങളും,
ഇനിയുമാവർത്തനങ്ങളാകാതിരിക്കാൻ

ഇനിയുമെങ്കിലുമേ നീതിപീഠമേ
ഇരുട്ടിലൊരു തിരിനാളമായ്
ഭവിക്കു നീ...

**ലിസ് റോസ്**

# God



Supreme power consoling arms
keep us beneath His mighty
gloriom glitters sursounds
like stars shining in the sky.


Man precions creature
never lives apart
praises, raises His name
all day through the life.

Gentle touch mesmeric feel
encounters when recognises
thirsty waits thee blessed arrival.

Wow! Thee excellence.
Fearful men hides away
but keep us warm
showers abundance of blessings


I love the creator of universe
God the heavenly father.

***Beena Jose***



# അനുഭവക്കുറിപ്പ്

ആൻമരിയ ബാബു



ഞാൻ എന്നൊരു വ്യക്തിയെ, ഞാൻ ആക്കിയത് ഇതാണെന്ന് പറയുന്നതു പോലെ എന്റെ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന എന്റെ കഴിവിനെ ഉണർത്തുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിച്ചത് എന്റെ

വിദ്യാലയം ആയ മേരി ക്വീൻസ് ഹൈ സ്കൂൾ ആണ്. ഇതിൽ ഏറ്റവും വലിയ പങ്ക് വഹിച്ചത് ഈ സ്കൂളിലെ അദ്ധ്യാപകർ തന്നെ.

വാടി ഉണങ്ങിപ്പോകാറായ ഒരു ചെടിയെ വെള്ളം ഒഴിച്ച് അതിനെ നല്ല രീതിയിൽ പുഷ്പ്പിപ്പിക്കുന്നത് പോലെ ആയിരുന്നു അത്. ചെടിക്ക് 'വെള്ളം' എന്നതുപോലെ എനിക്ക് എന്റെ ടീച്ചർമാർ നൽകിയത് വിദ്യയാണ്, നല്ല മൂല്യങ്ങളാണ്, അറിവാണ്.

"ഒരിക്കലും നിരാശയരുത് അഥവാ അങ്ങനെയെങ്കിൽ നിരാശയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുക" എന്ന നിത്യ ചൈതന്യ യതിയുടെ വാക്കുകളുടെ ശരിയായ അർത്ഥം പറഞ്ഞുതന്നത് എന്റെ അധ്യാപകരാണ്.

മാതാ പിതാ ഗുരു ദൈവം എന്നു പറയുമ്പോൾ കാണപ്പെട്ട ദൈവങ്ങളായ മാതാവിനും പിതാവിനും ശേഷം ആണ് ഗുരുക്കന്മാരെ പറയുന്നത്. എന്നാൽ ഗുരുക്കന്മാർക്ക് മാതാപിതാക്കളോടൊപ്പമുള്ള സ്ഥാനമോ അതിനേക്കാൾ മുന്തിയ സ്ഥാനമോ നൽകണം എന്ന് എന്നെ പഠിപ്പിച്ചത് എന്റെ സ്കൂൾ അനുഭവങ്ങൾ തന്നെയാണ്.

എനിക്ക് ഇത്രമാത്രം കഴിവുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. "കമ്പ്യൂട്ടർ" എന്നത് ഞാൻ 'Entertaiment'നു വേണ്ടി മാത്രം ഉപയോഗിച്ചിരുന്ന ഒന്നായിരുന്നു. അത് മറ്റൊന്നും ചെയ്യാൻ വേണ്ടി ഞാൻ ഉപയോഗിച്ചിരുന്നില്ല.കാരണം എനിക്ക് 'കമ്പ്യൂട്ടറെ'ക്കുറിച്ച് അറിവില്ലായിരുന്നു.

എന്നാൽ ഒമ്പതാം ക്ലാസിൽ ഈ സ്കൂളിലെ എന്റെ വിദ്യാഭ്യാസം ആരംഭിച്ചപ്പോൾ എന്റെ ക്ലാസിൽ ഞാൻ ഒഴികെയുള്ള എല്ലാവരും ഏതെങ്കിലും ഒരു സംഘടനയിൽ അംഗമായിരുന്നു. എനിക്ക് അതിൽ നിരാശയായിരുന്നു, സങ്കടമായിരുന്നു.

ഈ സന്ദർഭത്തിൽ ആണ് എന്റെ ഒരു സുഹൃത്ത് little kites നെ കുറിച്ച്

പറഞ്ഞത്. അവൾ തന്നെ എന്റെ പേര് ടീച്ചറിനു നൽകുകയും ചെയ്തു. kite ലെ ആദ്യ ക്ലാസ് എന്ന നിലയിൽ ചെമ്പേരിയിൽ വെച്ച് combined ക്ലാസ് ഉണ്ടായിരുന്നു. അവിടെ വെച്ച് അനിമേഷന്റെ ആദ്യ ക്ലാസുകൾ ലഭിച്ചു. പിന്നീട് വിവിധ സ്കൂളിൽ വെച്ച് അനിമേഷന്റെ തുടർ പ്രവർത്തനങ്ങൾ BMI, റാസ് ബെറി പൈ, മലയാളം ടൈപ്പിങ് എന്നിങ്ങനെ ഒത്തിരി application നുകൾ ഞങ്ങളെ പഠിപ്പിച്ചു.

ഇതിനിടയിൽ രണ്ടു മൂന്നു ക്യാമ്പുകൾക്ക് പോയി. എനിക്കു കിട്ടിയ അറിവിനെ വളർത്തുവാനുള്ള ഒരു വേദിയായി ഞാൻ അതിനെ കണ്ടു. ആ വർഷം തന്നെ സ്കൂളിൽ നിന്ന് ജില്ല ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടി. 2 ദിവസത്തെ ജില്ല ക്യാമ്പ് വളരെ നല്ലൊരു അനുഭവമായിരുന്നു.

സ്കൂളിൽ നിന്നു വിടുന്ന ഏതൊരു മത്സരത്തിനു പോകുവാൻ വേണ്ടിയും എന്നെ പ്രോത്സാഹിപ്പിച്ചത് എന്റെ അദ്ധ്യാപകരായിരുന്നു. അവർക്ക് ഞാൻ ഒരായിരം നന്ദി പറയുന്നു. പിന്നെ എന്നെ little kites എന്ന സംഘടനയിൽ അംഗമാകുവാൻ മുൻകൈയെടുത്ത എന്റെ കൂട്ടുക്കാരിക്ക് ഞാൻ ഒത്തിരി ഏറെ നന്ദി പറയുന്നു. കാരണം, little kites ലൂടെ എനിക്കു കിട്ടിയ നല്ല അറിവിനും അനുഭവങ്ങൾക്കും  അവസരങ്ങൾക്കും തുടക്കം കുറിച്ചത് എന്റെ കൂട്ടികാരിയായിരുന്നു.

അവസാനമായി ഞാൻ ഇങ്ങനെ ഒരു നല്ല സ്കൂളിൽ വരുവാൻ ഇടയാക്കി സാഹചര്യം ഉണ്ടാക്കിയ സ്വർവേശ്വരനും , എന്നെ ഈ സ്കൂളിൽ ചേർത്ത എന്റെ മാതാപിതാക്കൾക്കും എനിക്കു നല്ല വിദ്യ പകർന്നു തന്ന എന്റെ അദ്ധ്യാപകർക്കും, എനിക്കു ഒരു പിടി നല്ല ദിവസങ്ങൾ നൽകിയ എന്റെ കൂട്ടുകാർക്കും ഞാൻ നന്ദി പറയുന്നു.

# നന്ദി..



